## വെള്ളപ്പൊക്കം

# ഓൺലൈൻ വ്യാപാരം നിലച്ചിട്ട് മൂന്നാഴ്ച

**ആലപ്പുഴ**

മഴക്കാലക്കെടുതിയും വെള്ള പ്പൊക്കവും രൂക്ഷമായി തുടരുന്ന തിനാൽ ഓൺലൈൻ വ്യപാര കമ്പനികളുടെ കേരളത്തിലേക്കു ള്ള വ്യാപാരം മുടങ്ങി.

ഫ്ലിപ്കാർട്ട്, ആമസോൺ തു ടങ്ങിയ ഓൺലൈൻ വ്യാപാര സ്ഥാപനങ്ങൾ ഉൾപ്പെടെയാണ് കേരളത്തിൽനിന്ന് ഓർഡർ സ്വീ കരിക്കാതെയായത്.

സംസ്ഥാനത്ത് ഒമ്പതിന് തു ടങ്ങിയ മഴ കൂടുതൽ കനത്ത തോടെ ഓൺലൈൻ വ്യാപാര സ്ഥാപനങ്ങൾവഴി ബുക്കിങ് ചെ യ്താൽ ഉപയോക്താക്കൾ നൽ കുന്ന പിൻകോഡിൽ സാധനം ഔട്ട് ഓഫ് സ്റ്റോക്ക് ആണന്നാ യിരുന്നു മറുപടി.

11 മുതൽ ഓർഡർചെയ്യുന്നത് പൂർണമായും നിർത്തി. വെള്ളെ പ്പൊക്കത്തിൽ നെടുമ്പാശേരി വിമാനത്താവളം അടച്ചതും റേ ാഡുകൾ തകർന്നതുംമൂലമാണ് കച്ചവടം നിർത്തിവച്ചതെന്നും വ്യാഴാഴ്ചയോടെ വിതരണം പു നഃസ്ഥാപിക്കുമെന്നും ഫ്ലിപ്കാർ ട്ട് അധികൃതർ പറഞ്ഞു.

എന്നാൽ ബുധനാഴ്ച വൈ കീട്ടുവരെ സാധനങ്ങൾ ഓർഡർ ചെയതപ്പോൾ പലർക്കും 'ഔട്ട് ഓഫ് സ്റ്റോക്ക്' മറുപടിയാണ് ലഭിച്ചത്.

മാത്രമല്ല പല സൈറ്റുകൾ വഴിയായി സാധനങ്ങൾ ബു ക്ക്ചെയ്ത പലർക്കും സാധനം ലഭിക്കാൻ രണ്ടാഴ്ചവരെ താ മസമെടുക്കുമെന്നുമാണ് ബു ക്ക്ചെയ്യുന്നവർക്ക് ലഭിക്കുന്ന മറുപടി.

# ബെഫി 15 ലക്ഷം രൂപ നൽകി



ബെഫി അംഗങ്ങൾ സ്വരൂപിച്ച തുക എസ് എസ് അനിൽ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു

**കൊച്ചി**

പ്രളയദുരിതത്തിൽ സഹായഹ സ്തവുമായി ബെഫി അംഗങ്ങൾ രംഗത്തിറങ്ങി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ആദ്യ ഗഡുവായി സംസ്ഥാന കമ്മിറ്റി സ്വരൂപിച്ച 15 ലക്ഷം രൂപ സംസ്ഥാന ജനറൽ സെക്രട്ട റി എസ് എസ് അനിൽ മുഖ്യമ ന്ത്രിക്ക് കൈമാറി. സംസ്ഥാന ജോയിന്റ് സെക്രട്ടറി ജോസ് ടി എബ്രഹാം, തിരുവനന്തപുരം ജില്ലാ സെക്രട്ടറി ബാബുരാജ്, പി വി ജോസ് എന്നിവരും ഒപ്പ മുണ്ടായിരുന്നു. ചേന്ദമംഗലം പഞ്ചായത്തിൽ ബിഇഎഫ്ഐ തമിഴ്നാട് ഘടകം 2, 30,000 രൂപ യുടെ അരി ഉൾപ്പെടെയുള്ള അവ ശ്യവസ്തുക്കൾ വീടുകളിൽ വിതര ണംചെയ്തു. തിങ്കളാഴ്ച രാവിലെ കരിമ്പാടത്തിനു സമീപം ബെഫി തമിഴ്നാട് സംസ്ഥാന ജനറൽ സെക്രട്ടറി സി പി കൃഷ്ണൻ കിറ്റ്വി തരണം ഉദ്ഘാടനംചെയ്തു. തമി ഴ്നാട് സംസ്ഥാന കമ്മിറ്റി ഭാര വാഹികളായ എസ് എ രാജേ ന്ദ്രൻ, ആർ മഹേശ്വരൻ, എസ് പ്രേമലത, കെ എസ് രമ തുടങ്ങി യവർ നേതൃത്വം നൽകി.

മറ്റ് ജില്ലകളിൽ വി ബി പത്മകു മാർ, ശിവാനന്ദൻ, പ്രഭാകരൻ, എ അജയൻ, ആർ മോഹനൻ എന്നിവരുടെ നേതൃത്വത്തിൽ ശു ചീകരണം ഉൾപ്പെടെ നടന്നുവരു ന്നു. പ്രളയബാധിതരെ സഹായി ക്കുന്നതിനുള്ള പ്രവർത്തനങ്ങ ളിൽ മുഴുവൻ ബാങ്ക്ജീവനക്കാ രും മുന്നിട്ടിറങ്ങണമെന്ന് ബെഫി സംസ്ഥാന കമ്മിറ്റി അഭ്യർഥിച്ചു.

0.00 യോദ്ധ